**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2952** **24-02-2026 - ൽ മറുപടിയ്ക്ക്**

**യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സ്വന്തം ആശയങ്ങൾ പ്രവൃത്തിപഥത്തിലേക്ക് പരിവർത്തനം ചെയ്യുന്ന തരത്തിൽ സാമൂഹിക ഉത്തരവാദിത്തമുള്ളവരാക്കി യുവാക്കളെ മാറ്റേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്വന്തം ആശയങ്ങൾ പ്രവൃത്തി പഥത്തിലേക്ക് പരിവർത്തനം ചെയ്യുന്ന തരത്തിൽ സാമൂഹിക ഉത്തരവാദിത്ത മുള്ളവരാക്കി യുവാക്കളെ മാറ്റേണ്ടതിന്റെ ആവശ്യകത വിലയിരുത്തുന്നതിനായി നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പരിപാടികൾ</u>**<br><br>മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃ തമായി യുവജനങ്ങളുടെ നൈപുണ്യ ശേഷി വികസിപ്പിക്കുന്നതിനും യുവജന ങ്ങളുടെ സംരംഭ ആശയങ്ങൾക്ക്പ്രോത്സാഹനം നൽകുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2026 ജനുവരി 15 ന് പിച്ച് കേരള 2026 (Start Up Idea Pitching Competition)സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ തന്നെ പത്രപരസ്യങ്ങളിലൂടെ ലഭിച്ച 213-ഓളം പിച്ചുകളുടെ മത്സരവും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികളുടെ പ്രതിനിധികളായി 600 ഓളം യുവതീ-യുവാക്കളും യുവസംരംഭക രംഗത്തെ പ്രമുഖരും പങ്കെടുത്തു. |
| (ബി) | കേരളത്തിലെ യുവജനങ്ങളെ സാമ്പത്തികമായി ഉല്പാദനക്ഷമതയുള്ളവരും സ്വന്തം ആശയങ്ങളെ പ്രവൃത്തിപഥത്തിൽ എത്തിക്കുന്നവരുമാക്കി മാറ്റുന്നതിന് യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാമുകൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സ്വന്തം ആശയങ്ങൾ പ്രവൃത്തി പഥത്തിലേക്ക് പരിവർത്തനം ചെയ്യുന്ന തരത്തിൽ സാമൂഹിക ഉത്തരവാദിത്ത മുള്ളവരാക്കി യുവാക്കളെ മാറ്റേണ്ടതിന്റെ ആവശ്യകത വിലയിരുത്തുന്നതിനായി നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പരിപാടികൾ</u>** |

| | | | |
|---|---|---|---|
| | | | മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃ തമായി യുവജനങ്ങളുടെ നൈപുണ്യ ശേഷി വികസിപ്പിക്കുന്നതിനും യുവജന ങ്ങളുടെ സംരംഭ ആശയങ്ങൾക്ക്പ്രോത്സാഹനം നൽകുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2026 ജനുവരി 15 ന് പിച്ച് കേരള 2026 (Start Up Idea Pitching Competition)സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ തന്നെ പത്രപരസ്യങ്ങളിലൂടെ ലഭിച്ച 213-ഓളം പിച്ചുകളുടെ മത്സരവും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികളുടെ പ്രതിനിധികളായി 600 ഓളം യുവതീ-യുവാക്കളും യുവസംരംഭക രംഗത്തെ പ്രമുഖരും പങ്കെടുത്തു. |
| (സി) | മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി യുവജനങ്ങളുടെ നൈപുണ്യശേഷി വികസനത്തിന് ശക്തമായ ഊന്നൽ ഈ പദ്ധതിയിൽ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സ്വന്തം ആശയങ്ങൾ പ്രവൃത്തി പഥത്തിലേക്ക് പരിവർത്തനം ചെയ്യുന്ന തരത്തിൽ സാമൂഹിക ഉത്തരവാദിത്ത മുള്ളവരാക്കി യുവാക്കളെ മാറ്റേണ്ടതിന്റെ ആവശ്യകത വിലയിരുത്തുന്നതിനായി നടപ്പിലാക്കിയ പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പരിപാടികൾ</u>**<br><br>മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണിയുടെ ആവശ്യങ്ങൾക്കനുസൃ തമായി യുവജനങ്ങളുടെ നൈപുണ്യ ശേഷി വികസിപ്പിക്കുന്നതിനും യുവജന ങ്ങളുടെ സംരംഭ ആശയങ്ങൾക്ക്പ്രോത്സാഹനം നൽകുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2026 ജനുവരി 15 ന് പിച്ച് കേരള 2026 (Start Up Idea Pitching Competition)സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ തന്നെ പത്രപരസ്യങ്ങളിലൂടെ ലഭിച്ച 213-ഓളം പിച്ചുകളുടെ മത്സരവും സംഘടിപ്പിച്ചു. പ്രസ്തുത പരിപാടികളുടെ പ്രതിനിധികളായി 600 ഓളം യുവതീ-യുവാക്കളും യുവസംരംഭക രംഗത്തെ പ്രമുഖരും പങ്കെടുത്തു. |
| (ഡി) | നൈപുണ്യ വികസനത്തോടൊപ്പം അവരുടെ കായിക മാനസികശേഷി മെച്ചപ്പെടുത്തുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കായിക മാനസിക ശേഷി മെച്ചപ്പെടുത്തുന്നതിനായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയും, കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷ നുകൾക്കും സ്പോർട്സ് കിറ്റ് വിതരണം എന്നിവ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ഒരു പഞ്ചായത്തിൽ ഒരു കളിക്കളം

സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുക അതിലൂടെ കായിക വികസനത്തിനുള്ള ഏറ്റവും അടിത്തട്ടിൽ നിന്നുള്ള വികസനം സാധ്യമാക്കുക എന്ന ബൃഹത് ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് "ഒരു പഞ്ചായത്തിന് ഒരു കളിക്കളം" എന്ന പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമ പ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളി സ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത്, നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും ഇൻഡോർ കോർട്ട് , മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷം കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജന പ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. ലാൻറ് ഡെവലപ്മെൻറ്, കോർട്ടുകളുടെ നിർമ്മാണം, മഡ് കോർട്ടുകളുടെ നിർമ്മാണം, ഫിറ്റ്നസ് പവിലിയൻ, ഇൻഡോർ സൗകര്യങ്ങൾ, കായിക ഉപകരണങ്ങൾ, ടോയ്ലറ്റ് , കഫെറ്റേരിയ, ചെയിഞ്ചിംഗ് റൂമുകളുടെ നിർമ്മാണം, ഇലക് ട്രിഫിക്കേഷൻ, മെയിന്റനൻസ് എന്നിവ ഉൾപ്പെടുത്തിയ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പദ്ധതിക്കായി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി. ഇത് നടപ്പിൽ വരുന്നതോടെ പ്രാദേശികമായി എല്ലാ പഞ്ചായത്തുകളിലും കായിക സൗകര്യങ്ങൾ വികസിക്കപ്പെടുകയും അത് കായിക ക്ഷമതയുള്ള ഒരു യുവതലമുറയെ വളർത്തിയെടുക്കുന്നതിനും യുവ തലമുറയെ കായിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും. മുനിസിപ്പാലിറ്റികൾക്കും.**

**കോർപ്പറേഷനുകൾക്കും സ്പോർട്സ് കിറ്റ് വിതരണം.**

സംസ്ഥാനത്തെ കായിക വികസനത്തിന്റെ മുന്നോടിയായി, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കായിക വിനോദത്തിന്റെ പങ്ക് കൂടുതൽ പിന്തുണയ്ക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി കായിക യുവജനകാര്യ ഡയറക്ടറേറ്റ് കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും 5000 രൂപ വിലയുള്ള സ്പോർട്സ് കിറ്റ് നൽകുന്ന പദ്ധതിക്കായി 2025- 26 സാമ്പത്തിക വർഷം സ്പോർട്സ് ഡെവലപ്മെൻറ് ഫണ്ടിൽ നിന്നും ആകെ 56,70,000/- രൂപയുടെ അനുമതി ആണ് ലഭിച്ചിരിക്കുന്നത്. കൂടാതെ അംഗീകൃത സർക്കാരിതര സംഘടനകൾക്ക്, സംസ്ഥാന കായിക അസോസിയേഷനുകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവയുൾപ്പെടെ കായിക മേഖലയിലെ മികവ് പ്രോത്സാഹിപ്പിക്കുന്നതിനായി കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംരംഭം നടപ്പിലാക്കുന്നതിലൂടെ, കേരളത്തിന്റെ കായിക മേഖലയിൽ തുടർച്ചയായ മികവ് ഉറപ്പാക്കിക്കൊണ്ട്, താഴെത്തട്ടിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

നിലവിൽ മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിലെ എല്ലാ പഞ്ചായത്ത്, മുനിസിപാലിറ്റി പ്രതിനിധികൾക്കും സ്പോർട്സ് കിറ്റ് കൈ മാറിയിട്ടുണ്ട്. കേരളത്തിലെ ബാക്കി 12 ജില്ലകളിലായി 845 പഞ്ചായത്ത്/ മുനിസിപാലിറ്റികളിൽ സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിനുള്ള  നടപടികൾ സ്വീകരിച്ച് വരുന്നു.